©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ഫെബ്രുവരി 25<br>25th February 2020<br>1195 കുംഭം 12<br>12th Kumbham 1195<br>1941 ഫാൽഗുനം 6<br>6th Phalguna 1941 | നമ്പർ<br>No. | 8 |

## PART III

## Labour Department

നോട്ടീസ്

നമ്പർ ബി. 3283/19. / ECC 826/16.

2020 ജനുവരി 27.

ശ്രീ. ഷാജി, മാക്കപ്പറമ്പിൽ ഹൗസ്, ആലംതുരുത്ത്, വടക്കേക്കര പി. ഒ., നോർത്ത് പറവൂർ, എറണാകുളം എന്നയാൾ ജോലിക്കിടയിൽ മരണപ്പെട്ടതിനാൽ ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ₹ 1,31,698 (ഒരുലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈ കോടതിയിൽ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവചന പ്രകാരം ടിയാന്റെ ആശ്രിതരായി (1) പരേതയായ ശ്രീമതി കോമളം (മാതാവ്), (2) എം. സി. ഷൈലജ (സഹോദരി) എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്ന് വടക്കൻ പറവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)

എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ കാര്യാലയം,
തൃശ്ശൂർ, അയ്യന്തോൾ-680 003.

NOTICE

No. ECC-642/2014. *27th January 2020.*

Whereas the Registrar, Kerala Agricultural University has deposited with this Court an amount of ₹ 8,08,031 (Eight Lakh Eight Thousand and Thirtyone only) towards compensation payable to the dependents of the deceased Chandran who met with fatal accident in the course of work while he was working as daily worker under the Opposite Party's Agricultural Farm on 23-9-2008. The Assistant Labour Officer, Sulthan Bathery has reported that (1) Smt. Ajithakumari (Wife), (2) Smt. Sukanya (daughter), (3) Sri Naveen Chandran (Son), Chelakkad (House), Ambalavayal P. O. are his only dependents as defined under Section 2(1) (d) of the Employees' Compensation Act, 1923 any other claiming to be such dependents should within 15 days of the publication of this notice in the Kerala Government Gazette prefer their claims in writing before me and from the same. If no such claims are received within the prescribed time the entire amount of compensation will be disbursed to the persons mentioned above and claim preferred thereafter will not to be considered.

നമ്പർ ഇസിസി-642/2014. 2020 ജനുവരി 27.

23-9-2008-ാം തീയതി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ അമ്പലവയൽ എന്ന സ്ഥലത്തെ അഗ്രിക്കൾച്ചറൽ ഫാമിൽ ജോലി ചെയ്യവെ ഉണ്ടായ അപകടത്തിൽ മരണപ്പെട്ട ചന്ദ്രൻ എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് തൊഴിലാളി നഷ്ടപരിഹാരം നൽകുന്നതിനായി ₹ 8,08,031 (എട്ട് ലക്ഷത്തി എട്ടായിരത്തി മുപ്പത്തിയൊന്ന് രൂപ മാത്രം) ഈ കോടതിയിൽ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളി നഷ്ടപരിഹാര ആക്ടിലെ 2(1) (ഡി) വകുപ്പ് അനുസരിച്ച് നിർവ്വചിച്ചപ്രകാരം ടിയാന്റെ ആശ്രിതരായി (1) ശ്രീമതി അജിതകുമാരി (ഭാര്യ), (2) ശ്രീമതി സുകന്യ (മകൾ), (3) ശ്രീ. നവീൻ ചന്ദ്രൻ (മകൻ) ചേലക്കാട് വീട്, അമ്പലവയൽ പി. ഒ. എന്നിവർ മാത്രമേ ഉള്ളൂവെന്ന് സുൽത്താൻബത്തേരി അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റ് ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
പ്രിസൈഡിംഗ് ഓഫീസർ,
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ & എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ &
എംപ്ലോയീസ് കോമ്പൻസേഷൻ
കമ്മീഷണറുടെ കാര്യാലയം,
കോഴിക്കോട്.